ശുദ്ധജല വിപുലീകരണ പദ്ധതികൾ

41 (245) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള എത്ര ശുദ്ധജലവിപുലീകരണപദ്ധതികൾ നടന്നുവരുന്നുണ്ട് ; അവ ഏതെല്ലാം ;

(ബി) ഇപ്പോൾ പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ;

(സി) ഇവ ഓരോന്നിനും എത്ര കോടി രൂപ വീതമാണ് സഹായമായി ലഭിച്ചിട്ടുള്ളത് സംസ്ഥാന ഗവൺമെന്റ് വിഹിതം എത്രയാണ് ; വിശദവിവരം വ്യക്തമാക്കാമോ ;

(ഡി) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട കോട്ടായി ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള ശുദ്ധജലവിപുലീകരണ പദ്ധതിയിൽപ്പെടുത്തുന്നതിനുവേണ്ടിയുള്ള അപേക്ഷ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത അപേക്ഷ പരിഗണിച്ച് പദ്ധതി ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി) തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ ഗ്രാമ പ്രദേശങ്ങളിൽ ലോകബാങ്കിന്റെ സഹായത്തോടെ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. ഇപ്പോൾ 5 പഞ്ചായത്തുകളെ പൈലറ്റുപ്രോജക്ടായി തെരഞ്ഞെടുത്ത് നടപടികൾ തുടർന്നു വരുന്നു.

(സി) ലോകബാങ്കിൽ നിന്നും ഇതുവരെ സഹായധനം ലഭിച്ചിട്ടില്ല. എന്നാൽ ശുദ്ധജലവിതരണ പദ്ധതിക്കായി 65 മില്യൻ അമേരിക്കൻ ഡോളറാണ് സഹായധനമായി പ്രതീക്ഷിക്കുന്നത്. (89 മില്യൻ അമേരിക്കൻ ഡോളറാണ് ആകെ ചിലവ്) ഈ തുകയുടെ 737 ആയ 65 മില്യൻ ഡോളർ വായ്പയായും ലഭിക്കുന്നതാണ്. 7% സർക്കാർ വിഹിതവും ബാക്കി തുക പഞ്ചായത്തു വിഹിതമായും ഗുണഭോക്തൃ വിഹിതമായും, സ്വരൂപിക്കണം.

(ഡി&ഇ) ഉണ്ട്. പാലക്കാട് ജില്ല പദ്ധതിപ്രദേശമായതിനാൽ വരും വർഷങ്ങളിൽ ബന്ധപ്പെട്ട പഞ്ചായത്തുകൾ താല്പര്യം കാണിക്കുന്ന പക്ഷം അർഹതപ്പെട്ട പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കാൻ സാധിക്കും.

ജലവിതരണ പദ്ധതിക്കുള്ള വായ്പ

42(246) ശ്രീ. അടൂർ പ്രകാശ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വിവിധ ജലവിതരണ പദ്ധതികൾക്കായി ഹഡ്കോയിൽ നിന്നും എൽ.ഐ.സി.യിൽ നിന്നും ഈ വർഷം എന്തു തുക വായ്പയെടുത്തിട്ടുണ്ട് ;

(ബി) അതിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചു ;

(സി) വായ്പതുക ചെലവഴിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവിധ ജലവിതരണ പദ്ധതികൾക്കായി ഹഡ്കോയിൽ നിന്നും എൽ.ഐ.സി.യിൽ നിന്നും ഈ വർഷം (2000-2001)-ൽ വായ്പ ഒന്നും എടുത്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

കൺസൾട്ടൻസി നിയമനം

43(247) ശ്രീ. കെ. സുധാകരൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാന്റെ സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാനത്ത് ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുന്നതിനുള്ള കൺസൾട്ടൻസി നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ ആരെല്ലാം കേസ് നൽകി ;

(ബി) ഹൈക്കോടതി വിധിയിൽമേൽ ആരെങ്കിലും സുപ്രീം കോടതിയിൽ അപ്പീൽ പോവുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസ് കൊടുത്തത് എന്തടിസ്ഥാനത്തിലായിരുന്നു ?

ഉത്തരം

(എ) 1. ശ്രീ. റ്റി. എസ്. രവീന്ദ്രൻ, കൺവീനർ, സിവിൽ ആക്ഷൻ ഫോറം.

2. ശ്രീ. എ. വി. താമരാക്ഷൻ എം.എൽ.എ.

(ബി) കേരള ഹൈക്കോടതിയിൽ ശ്രീ. റ്റി. എസ്. രവീന്ദ്രൻ ഫയൽ ചെയ്ത കേസിൽ ഉണ്ടായ ഡിവിഷൻബഞ്ച് വിധിയ്ക്കെതിരെ, ശ്രീ. രവീന്ദ്രൻ ബഹു.സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കുവാൻ അനുമതി തേടിയിരുന്നു. എന്നാൽ 17-1-2000-ൽ സുപ്രീം കോടതി ശ്രീ. രവീന്ദ്രൻ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ നമ്പർ 91/2000 ഡിസ്മിസ് ചെയ്യുകയുണ്ടായി.

(സി) 5 കമ്പനികൾ ഉൾപ്പെട്ട ആദ്യത്തെ ഷോർട്ട് ലിസ്റ്റിൽ രണ്ടാമത്, രണ്ട് ജപ്പാൻ കമ്പനികളെ കൂടി ഉൾപ്പെടുത്തിയത് റദ്ദ് ചെയ്യാനും, മിനി മാത്യു കമ്മീഷൻ ശരിയെന്നു കണ്ട ആദ്യ ഷോർട്ട് ലിസ്റ്റിലെ 5 കമ്പനികളുടെ

LIBRARY ARCHIVES Kerala Legislative Assembly